### ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം

41(3464) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം നിലവിൽ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പ്രത്യേകമായി മാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും ധനവകുപ്പിൽനിന്ന് പുറപ്പെടുവിച്ചിട്ടില്ല. കാലാകാലങ്ങളിൽ പൊതുഭരണ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഭരണ സൗകര്യം മുൻനിർത്തിയാണ് ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം നടത്തി വരുന്നത്.

(ബി) സെക്രട്ടറിയേറ്റിൽ ധനകാര്യ വകുപ്പിൽ തുടർച്ചയായി അഞ്ച് വർഷത്തിൽ കൂടുതൽ ഒരേ സീറ്റിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് വിശദമാക്കാമോ?

സെക്രട്ടേറിയറ്റിൽ ധനകാര്യ വകുപ്പിൽ തുടർച്ചയായി അഞ്ച് വർഷത്തിൽ കൂടുതൽ ഒരേ സീറ്റിൽ ജോലി ചെയ്തുവരുന്ന 14 ജീവനക്കാരുണ്ട്.

(സി) അഞ്ച് വർഷത്തിൽ കൂടുതൽ ധനകാര്യ സെക്രട്ടേറിയറ്റിന് പുറത്ത് ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥരുണ്ടെന്ന് അറിയിക്കാമോ?

അഞ്ച് വർഷത്തിൽ കൂടുതൽ ധനകാര്യ സെക്രട്ടേറിയറ്റിന് പുറത്ത് ജോലി ചെയ്യുന്ന 75 ഉദ്യോഗസ്ഥരുണ്ട്.

### മെഡിസെപ്

42(3465) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് മുഖേന ലഭിക്കുന്ന സൗകര്യങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പരിഷ്കരിച്ച ചികിത്സാ പദ്ധതികളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റേയും അടിസ്ഥാനത്തിലുള്ള നിബന്ധനകളും ഉൾപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly